LIBRARY ARCHIVES Kerala Legislative Assembly

- മെഗാ ഫുഡ്പാർക്ക്, പാലക്കാട്
- ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.
- കിൻഫ്ര വ്യവസായ പാർക്ക്, മട്ടന്നൂർ
- ഇന്റഗ്രേറ്റഡ് റൈസ് ടെക്നോളജി പാർക്ക്, ആലപ്പുഴ & പാലക്കാട്.

സഹകരണ വകുപ്പ് നടപ്പിലാക്കുന്ന പ്രത്യേക ആരോഗ്യ പദ്ധതി

9 (*37) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്ത് പട്ടികജാതി, പട്ടികവർഗ്ഗ, ആദിവാസി ജനവിഭാഗങ്ങൾക്ക് മെച്ചപ്പെട്ട ചികിത്സയും ആരോഗ്യ സംരക്ഷണവും ലഭ്യമാക്കുന്നതിന് സഹകരണ വകുപ്പ് പ്രത്യേകമായ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിനായി സഹകരണ വകുപ്പ് ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സഹകരണ വകുപ്പ് സഹകരണ ആശുപത്രികളുമായി സഹകരിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ അട്ടപ്പാടി മേഖലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ഈ പദ്ധതി ഇതിനകം നടപ്പാക്കിയിട്ടുണ്ട്. പെരിന്തൽമണ്ണ ഇ.എം.എസ്. സഹകരണ ആശുപത്രിയുമായി സഹകരിച്ചാണ് അവിടെ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. കോട്ടത്തറ ട്രൈബൽ ആശുപത്രിയിലെ പരിശോധനയിൽ വിദഗ്ധ പരിശോധനയും ചികിത്സയും ആവശ്യമാണെന്ന് കാണുന്നവർക്കാണ് പദ്ധതിയുടെ ഭാഗമായി ഇ.എം.എസ്. സഹകരണ ആശുപത്രിയിലെ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ നൽകിയിട്ടുള്ളത്. രോഗികൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുപുറമേ ആദിവാസി മേഖലയിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, 24 മണിക്കൂറും സൗജന്യ ആംബുലൻസ് സേവനം ലഭ്യമാക്കുക, ഗർഭിണികളായ എല്ലാവരെയും രജിസ്റ്റർ ചെയ്ത് അവർക്ക് വിദഗ്ധമായ ഗർഭകാല-പ്രസവ-പ്രസവാനന്തര പരിചരണം ഉറപ്പു വരുത്തുക, കുട്ടികൾക്കും ഗർഭിണികൾക്കും ആഹാരവും പോഷകങ്ങളും ലഭ്യമാക്കുക, കുട്ടികൾക്കായി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ

LIBRARY ARCHIVES Kerala Legislative Assembly

നടത്തുക, രോഗപ്രതിരോധത്തിനായി വാക്സിനേഷൻ ക്യാമ്പുകൾ നടത്തുക, പകർച്ചവ്യാധികളെ തടയുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക, ജനിതക രോഗങ്ങൾക്ക് ചികിത്സ ലഭ്യമാക്കുക, ലഹരിമരുന്നുകളുടെ ദുരുപയോഗത്തിനെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തുക, ലഹരി വിമോചന ചികിത്സ ലഭ്യമാക്കുക എന്നിങ്ങനെ ഗുണഭോക്താക്കളായ ജനവിഭാഗത്തിന്റെ ആരോഗ്യ സംരക്ഷണത്തിനുതകുന്ന വിവിധ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമാണ്.

(ബി) കേവലം ചികിത്സാപദ്ധതി എന്നതിനപ്പുറം ആരോഗ്യ രംഗത്ത് കാലോചിതമായ ഇടപെടലായി മാറിയ പ്രസ്തുത പദ്ധതിയുടെ ആശയങ്ങളും ലക്ഷ്യങ്ങളും വിശദമാക്കാമോ; പദ്ധതിയുടെ ഭാഗമായി സംഘടിപ്പിച്ച പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ?

കേവലം ചികിത്സാപദ്ധതി എന്നതിനപ്പുറം അട്ടപ്പാടിയിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗത്തിന്റെ ആരോഗ്യസംരക്ഷണത്തെ നിർണ്ണയിക്കുന്ന വിവിധ ഇടപെടലുകളാണ് പദ്ധതിയിലൂടെ നടത്തിയിട്ടുള്ളത്. അട്ടപ്പാടിയിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗത്തിന് സൗജന്യരോഗ ചികിത്സ, ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സംരക്ഷണം, കുട്ടികളുടെ ആരോഗ്യ പരിരക്ഷ, ഗൃഹ കേന്ദ്രീകൃത ആരോഗ്യ സേവനങ്ങൾ, പ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ സംവർദ്ധക ജീവിതശൈലികളും സമ്പൂർണ്ണ പോഷണവും, പശ്ചാത്തല സൗകര്യ വികസനം, സഹകരണ ആരോഗ്യ മോഡൽ പദ്ധതി നടത്തിപ്പും മേൽനോട്ടവും മുതലായവയാണ് അട്ടപ്പാടി സമഗ്ര ആരോഗ്യ പദ്ധതിയുടെ ആശയങ്ങൾ. അട്ടപ്പാടിയിലെ അഗളി, ഷോളയൂർ, പുതൂർ പഞ്ചായത്തുകളിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുക, ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം ലഭ്യമാക്കുക, ശിശുമരണ നിരക്ക് കുറച്ചുകൊണ്ടുവന്ന് തീർത്തും ഇല്ലാതാക്കുക, മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം എന്നിവയ്ക്കെതിരെ ബോധവൽക്കരിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിട്ടത്. പദ്ധതിയുടെ ഭാഗമായി 6924 പേർക്ക് ഇ.എം.എസ്. ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനം നൽകിയിട്ടുണ്ട്. ഇതിൽ 3042 പേർക്ക് ഒ.പി. വിഭാഗത്തിലും 2022 പേർക്ക് ഐ.പി. വിഭാഗത്തിലും 1860 പേർക്ക് പരിശോധനാ വിഭാഗത്തിലുമാണ് സേവനം ലഭിച്ചിട്ടുള്ളത്. കൂടാതെ 4 മെഡിക്കൽ ക്യാമ്പുകളും 8 ടെയ്നിംഗ് പ്രോഗ്രാമുകളും 25 അവയർനെസ് പ്രോഗ്രാമുകളും ഈ പദ്ധതിയുടെ ഭാഗമായി നടത്തിയ പ്രവർത്തനങ്ങളാണ്.